"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിജിലൻസ് വകുപ്പ്- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ഉത്തരമേഖല കോഴിക്കോട് ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. എം.കെ. കണ്ണന് അനുവദിച്ച പലിശരഹിത ചികിൽസ വായ്പ ക്രമീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ്(സി) വകുപ്പ്**

സ.ഉ.(സാധാ) നം.173/2024/VIG തീയതി,തിരുവനന്തപുരം, 16-11-2024.

---

പരാമർശം:- 1. സ.ഉ.(സാധാ) നം.49/2022/വിജി തീയതി 26.04.2022.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.05.2023, 12.06.2024, 07.09.2024-ലെ G3-35670/2021/DVACB നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ഉത്തരമേഖല കോഴിക്കോട് ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. എം.കെ. കണ്ണന് തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി-ൽ Coronary Angiogram/ Angioplasty ചികിത്സയ്ക്കായി പലിശരഹിത ചികിത്സാ വായ്പയായി ₹ 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശ്രീ. എം.കെ. കണ്ണൻ ചികിത്സ നടത്തിയ വകയിൽ 17,244/- രൂപ ചെലവായതിന് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നു. അതിൽ 8,848/- രൂപ അനുവദനീയമാണെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ തുക കിഴിച്ച് ബാക്കിയുള്ള 1,16,152/- രൂപ ശ്രീ. എം.കെ. കണ്ണൻ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. കൂടാതെ പലിശ രഹിത ചികിത്സാ വായ്പയിൽ ചെലവഴിക്കാത്ത 7,412/- രൂപയ്ക്ക് 27.09.2022 മുതൽ 03.05.2023 വരെ 12% പലിശയും ₹8,740/- രൂപയ്ക്ക് തിരിച്ചടക്കാൻ കാലതാമസം വരുത്തിയ കാലയളവിന് 12% പലിശയും ടിയാൻ അടവാക്കിയിട്ടുണ്ട്. ശ്രീ. എം.കെ. കണ്ണന്റെ പലിശരഹിത വായ്പ ക്രമീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഉത്തരമേഖല കോഴിക്കോട് ഓഫീസിൽ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. എം.കെ. കണ്ണന് തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് &

ടെക്നോളജിയിൽ Coronary Angiogram/Angioplasty ചികിത്സയ്ക്കായി പരാമർശം(1) പ്രകാരം അനുവദിച്ചിരുന്ന പലിശരഹിത ചികിത്സാ വായ്പ അനുവദനീയ തുകയായ 8,848/- രൂപയിൽ നിജപ്പെടുത്തി, ബാക്കി തുക അടവാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പലിശരഹിത വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ റ്റി

അഡിഷണൽ സെക്രട്ടറി.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഉത്തരമേഖല, കോഴിക്കോട്.
ശ്രീ. എം.കെ. കണ്ണൻ, ജൂനിയർ സൂപ്രണ്ട്(റിട്ട), വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഉത്തരമേഖല, കോഴിക്കോട് (വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ മുഖാന്തിരം).
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ധനവകുപ്പ്(20.04.2024-ലെ ലോൺസ്-എൽ3/131/2022-ധന പ്രകാരം).
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് സി1/70/2022-വിജി.

ഉത്തരവിൻ പ്രകാരം

Signed by
Smitha. V. V
Date: 18-11-2024 10:20:11
സെക്ഷൻ ഓഫീസർ.